DESPATCHED
On..26/02/22
23/2/22

## സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1791(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 15648/SIC-G4/2021)**

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ഫെബ്രുവരി 23**

ശ്രീ. ബി.എസ്. മണിലാൽ,
തിരുവാതിര,
ഇഫ്താർ ഹോട്ടലിന് പുറകുവശം,
ആലുവ – 683 101.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ജൂനിയർ സൂപ്രണ്ട് (എച്ച് -സെക്ഷൻ),
കളക്ടറേറ്റ്, അയ്യന്തോൾ, തൃശ്ശൂർ.
2) അപ്പീൽ അധികാരി &
ഡെപ്യൂട്ടി കളക്ടർ (ദുരന്തനിവാരണം),
കളക്ടറേറ്റ്, അയ്യന്തോൾ, തൃശ്ശൂർ – 680 003.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 28/06/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 06/08/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 16/08/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 28/09/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 26/11/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 30/11/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 09/12/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 30/12/2021 |
| ഹിയറിംഗ് നടന്ന തീയതി | 22/02/2022 –വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. ബി.എസ്. മണിലാൽ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട രേഖകൾ സൗജന്യമായി നൽകുന്നതിനുള്ള നിർദ്ദേശം എതിർകക്ഷികൾക്ക് നൽകണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 28.06.2021–ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട്, ജില്ലാ ദുരന്ത നിവാരണ അതോറിട്ടിയുടെ DCTSR/ H4/14476/2019 നമ്പർ ഉത്തരവിന്റെ പകർപ്പ് നൽകണമെന്നാണ്. മേൽപ്പടി

അപേക്ഷയ്ക്ക് 06.08.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ടിയാൻ ആവശ്യപ്പെട്ട ഉത്തരവ് അടങ്ങുന്ന ഫയൽ കോവിഡ്–19 സംബന്ധിയായ എല്ലാ തപാലുകളും കൈകാര്യം ചെയ്യുന്ന ഫയലായതിനാൽ ആവശ്യപ്പെട്ടിരിക്കുന്ന ഉത്തരവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാലും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ധാരാളം അടിയന്തര ജോലികൾ നിർവ്വഹിക്കേണ്ടതിനാലും ജീവനക്കാരുടെയും സമയത്തിന്റെയും ദൗർലഭ്യമുള്ളതിനാലും സൗകര്യപ്രദമായ സമയം മുൻകൂട്ടി അറിയിച്ച് പ്രസ്തുത രേഖകൾ നേരിട്ട് വന്ന് കൈപ്പറ്റാവുന്നതാണെന്നാണ്.

3. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 16.8.2021–ന് രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി 28.9.2021 തീയതി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ജില്ലാ ദുരന്ത നിവാരണ അതോറിട്ടി പുറത്തിറക്കിയ DCTSR/14476/2019-H4 നമ്പർ ഉത്തരവിന്റെ പകർപ്പാണ് ആവശ്യപ്പെട്ടിരുന്നതെന്നും പ്രസ്തുത അപേക്ഷയ്ക്ക് 6.8.2021–ന് നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ സമർപ്പിച്ച അപ്പീൽ അപേക്ഷ പരിശോധിച്ചു എന്നും മേൽ വിഷയവുമായി ബന്ധപ്പെട്ട് എസ്.പി.ഐ.ഒ. റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ടിരിക്കുന്ന DCTSR/14476/2019-H4 നമ്പർ ഫയലിലെ ഉത്തരവിന്റെ പകർപ്പ് ജില്ലയിൽ കോവിഡ് രോഗബാധ സ്ഥിരീകരിച്ച 2019 വർഷത്തിൽ കോവിഡ് സംബന്ധിയായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി 2019 വർഷത്തിൽ തന്നെ ആരംഭിച്ച ഫയലായതിനാൽ ആയത് പ്രസ്തുത വർഷം മുതലുള്ള കത്തിടപാടുകളും, ഉത്തരവുകളും അടങ്ങിയ ബൃഹത്തായ ഫയലാണെന്നും അതിൽ നിന്നും കൃത്യമായ തീയതിയും, വിഷയവും അറിയാതെ ഉത്തരവ് തെരഞ്ഞെടുക്കുക എന്നത് സാധ്യമാകാത്തതിനാലാണ് അപേക്ഷകന്റെ സൗകര്യമനുസരിച്ച് നേരിട്ട് വന്ന് പരിശോധിക്കുവാനോ, തീയതി അറിയിക്കുവാനോ വ്യക്തമാക്കികൊണ്ടു മറുപടി നൽകിയതെന്നും, ടി അപേക്ഷയ്ക്കുള്ള മറുപടിയിന്മേൽ 18.8.2021–ന് സമർപ്പിച്ച അപ്പീൽ അപേക്ഷയ്ക്ക് ശേഷവും അപേക്ഷകനെ ഫോണിൽ ബന്ധപ്പെട്ട് മൂന്നു തവണ ആവശ്യപ്പെട്ട ഉത്തരവിന്റെ തീയതി അറിയിക്കുവാൻ പറഞ്ഞിരുന്നുവെങ്കിലും ഇതുവരെയും തീയതി അറിയിച്ചിട്ടില്ലാ എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ആയതിനാൽ വിവരാവകാശ അപേക്ഷയിന്മേൽ എസ്.പി.ഐ.ഒ. സ്വീകരിച്ച നടപടിയിൽ നിയമപരമായി അപാകതകളൊന്നുമില്ലെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ.ബി.എസ്. മണിലാൽ DCTSR/14476/2019-H4 നമ്പർ

ഉത്തരവിന്റെ പകർപ്പ് ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച അപേക്ഷയിൽ ടിയാൻ ആവശ്യപ്പെട്ടിരുന്നത് DCTSR/14476/2019 നമ്പർ ഫയലിലെ ഉത്തരവാണെന്നും കോവിഡ്-19 തൃശ്ശൂർ ജില്ലയിൽ പ്രകടമായിത്തുടങ്ങിയ നാൾ മുതൽ ടി വിഷയത്തിലുള്ള കത്തുകളും ഉത്തരവുകളും കൈകാര്യം ചെയ്യുന്നത് DCTSR/14476/2019-H4 എന്ന ഫയൽ പ്രകാരമാണെന്നും അപേക്ഷയിൽ ഏതു തീയതിയിലെ ഉത്തരവാണെന്ന് സൂചിപ്പിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത ഉത്തരവ് തീയതി അറിയിക്കുവാൻ അപേക്ഷകനെ ഫോണിൽ വിളിച്ചുവെങ്കിലും തീയതി അറിയിക്കുകയുണ്ടായില്ലെന്നും തുടർന്ന് ടി കാര്യാലയത്തിൽ നിന്നും ഉത്തരവിന്റെ തീയതി അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷകന് രേഖാമൂലം മറുപടി നൽകിയിരുന്നു എന്നും പ്രസ്തുത മറുപടിയിൽ തൃപ്തനല്ലാതെയാണ് ഒന്നാം അപ്പീൽ അപേക്ഷ 16.8.2021-ന് സമർപ്പിച്ചതെന്നും പ്രസ്തുത അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന ഉത്തരവിന്റെ തീയതി പരാമർശിച്ചിരുന്നു എന്നും ആയതുപ്രകാരം എസ്.പി.ഐ.ഒ.യിൽ നിന്നും റിപ്പോർട്ട് വാങ്ങുകയും ടി റിപ്പോർട്ട് പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട ഫയലിലെ ഉത്തരവിന്റെ തീയതി അറിയിക്കാത്തതിനാലാണ് ഉത്തരവിന്റെ പകർപ്പ് നൽകാൻ കഴിയാത്തതെന്ന് ബോധ്യപ്പെട്ടു എന്നും ആയതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെടുന്ന ഉത്തരവിന്റെ പകർപ്പ് നേരിട്ടു വന്നോ, പകരം ആളെ നിയോഗിച്ചോ നിയമാനുസൃതമായ ഫീസ് അടച്ച് കൈപ്പറ്റാവുന്നതാണെന്ന് അപേക്ഷകനെ അറിയിച്ചുകൊണ്ടും പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുവാൻ എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകികൊണ്ടും അപ്പീൽ അപേക്ഷ തീർപ്പാക്കിയിട്ടുള്ളതാണെന്നും എന്നാൽ പ്രസ്തുത മറുപടിയിൽ തൃപ്തനല്ലാതെയാണ് വീണ്ടും ഒന്നാം അപ്പീൽ അധികാരി മുമ്പാകെ 6.10.2021-ന് അപ്പീൽ അപേക്ഷ സമർപ്പിക്കുകയും ആയത് 18.11.2021-ന് തീർപ്പാക്കുകയും ചെയ്തിരുന്നു എന്നും എന്നാൽ അപേക്ഷകൻ നാളിതുവരെയും പകർപ്പിനുള്ള തുകയടച്ച് വിവരം അറിയിക്കാത്തതിനാലാണ് ടിയാന് പകർപ്പ് ലഭ്യമാക്കി കൊടുക്കുവാൻ സാധിക്കാതെ പോയിട്ടുള്ളതെന്നും ടിയാന്റെ അപേക്ഷയിന്മേൽ വിവരാവകാശ നിയമപ്രകാരമുള്ള നടപടികൾ മാത്രമേ ടി കാര്യാലയത്തിൽ നിന്നും സ്വീകരിച്ചിട്ടുള്ളുവെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ട DCTSR/H4/14476/2019 നമ്പർ ഉത്തരവിന്റെ പകർപ്പ് അടങ്ങിയ ഫയൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കത്തുകളും. ഉത്തരവുകളും അടങ്ങുന്ന 2019 വർഷം മുതൽ ആരംഭിച്ചതും ബൃഹത്തായതുമായതുമായ ഫയലിലെ വിവരമാണ്

ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നതെന്നും, ടിയാൻ ആവശ്യപ്പെട്ട ഉത്തരവിന്റെ തീയതി അപേക്ഷയിൽ സൂചിപ്പിക്കാതിരുന്നതിനാലുമാണ് ആവശ്യപ്പെട്ട ഉത്തരവിന്റെ കോപ്പി തെരഞ്ഞെടുക്കുന്നതിന് സാധ്യമല്ലായെന്നും നേരിട്ട് വന്ന് പരിശോധിച്ച് രേഖകൾ കൈപ്പറ്റാവുന്നതാണെന്നും എതിർകക്ഷികൾ അറിയിച്ചിട്ടുള്ളത് എന്ന് കാണുന്നു. തുടർന്ന് ഹർജിക്കാരനെ ഫോണിൽ ബന്ധപ്പെട്ട് ഉത്തരവ് തീയതി ആവശ്യപ്പെട്ടിട്ടും തീയതി അറിയിച്ചിരുന്നില്ലെന്നും പിന്നീട് 16.8.2021-ന് ഹർജിക്കാരൻ നൽകിയ ഒന്നാം അപ്പീൽ അപേക്ഷയിൽ ടി ഉത്തരവിന്റെ തീയതി രേഖപ്പെടുത്തിയിരുന്നതിനാൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാണെന്ന് കണ്ടെത്തി 12 പേജ് വരുന്ന ഉത്തരവിന്റെ പകർപ്പിന് പേജൊന്നിന് 3/- രൂപാ നിരക്കിൽ 36/- രൂപ ചലാൻ ഹാജരാക്കുന്ന മുറയ്ക്ക് ഉത്തരവിന്റെ പകർപ്പ് ഹർജിക്കാരന് നൽകുന്നതിന് രണ്ടാം എതിർകക്ഷി 18.11.2021-ന് എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായും കാണുന്നു. ആയത് ക്രമപ്രകാരമല്ല. വിവരാവകാശ നിയമപ്രകാരം സമയപരിധിക്കകം പകർപ്പ് ഫീ ഒടുക്കുവാൻ അറിയിപ്പ് നൽകിയിട്ടില്ലെങ്കിൽ രേഖാപകർപ്പുകൾ സൗജന്യമായി ലഭിക്കുവാനുള്ള അർഹത ഹർജിക്കാരനുണ്ട്. മാത്രമല്ല ഒന്നാം എതിർകക്ഷി 6.8.2021-ന് ഹർജിക്കാരന് നൽകിയ മറുപടിയിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട ഉത്തരവിന്റെ തീയതി രേഖപ്പെടുത്താത്തതിനാലാണ് ബ്രഹത്തായ ഫയലിൽ നിന്നും ടി രേഖ കണ്ടെത്താൻ കഴിയാത്തത് എന്ന കാര്യം അറിയിച്ചതായും കാണുന്നില്ല. അടിയന്തിര ജോലികൾ നിർവ്വഹിക്കേണ്ടതിനാലും, ജീവനക്കാരുടെയും സമയത്തിന്റെയും ദൗർലഭ്യവും കാരണമാണ് വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകാൻ നിർവ്വാഹമില്ല എന്ന തരത്തിലുള്ള മറുപടി ഒന്നാം എതിർകക്ഷി നൽകിയത് വിവരാവകാശ നിയമപ്രകാരം അംഗീകരിക്കാവുന്നതല്ല. ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖാ പകർപ്പുകൾ 10.3.2022-നകം ഒന്നാം എതിർകക്ഷി സൗജന്യമായി ഹർജിക്കാരന് നൽകണമെന്നും ഇത്തരത്തിലുള്ള വീഴ്ചകൾ സംഭവിക്കാതെ ഭാവിയിൽ വിവരാവകാശ അപേക്ഷകൾ കൂടുതൽ ജാഗ്രതയോടെ കൈകാര്യം ചെയ്യണമെന്നും എതിർകക്ഷികളോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഫെബ്രുവരി 23-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

STATE INFORMATION COMMISSION ★ THIRUVANANTHAPURAM ★